**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 383** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മണലൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ മണ്ഡലമായ മണലൂർ മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 18.02.2021-ലെ സർക്കാർ ഉത്തരവ് നം.51/2021/ആഭ്യന്തരം പ്രകാരം 5 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും 9 ഫയർ സ്റ്റേഷനുകൾക്ക് തത്വത്തിൽ അനുമതി നൽകിയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ മണലൂർ ഉൾപ്പെട്ടിട്ടില്ല.നിലവിൽ അനുമതി/തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതിന് ശേഷമേ പുതിയവയ്ക്കുള്ള നിർദ്ദേശങ്ങൾ ആവശ്യകതയും മുൻഗണനയും വിലയിരുത്തി പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**